നം:4020/എ1/2017/ഡിഎച്ച്.

ഹോമിയോപ്പതി ഡയറക്ടറാഫീസ്,
തിരുവനന്തപുരം, 17.05.2017

# സർക്കുലർ

**വിഷയം:- 2017-18 സാമ്പത്തിക വർഷത്തെ പ്ലാൻ - നോൺ എക്സ്പെൻഡിച്ചർ സംബന്ധിച്ച്.**

സൂചന:- സർക്കുലർ നം: 47/2015/ഫിൻ തീയതി : 30.04.2015

2017 - 18 സാമ്പത്തിക വർഷത്തിലെ പ്ലാൻ - നോൺ പ്ലാൻ ചെലവുകൾ കൃത്യതയോടെ കണക്കാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസിലും, ജില്ലാ മെഡിക്കൽ ഓഫീസിന് കീഴിലുള്ള സ്ഥാപനങ്ങളിലും **എക്സ്പെൻഡിച്ചർ രജിസ്റ്റർ** കർശനമായി സൂക്ഷിക്കേണ്ടതാണ്. എക്സ്പെൻഡിച്ചർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ, സ്ഥാപനമേധാവികൾ പരിശോധിച്ച് അതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

2. ആശുപത്രി/ഡിസ്പെൻസറികളിൽ നിന്ന് ലഭിക്കുന്ന നോൺപ്ലാൻ ചെലവുകൾ ക്രോഡീകരിച്ച് ഈ ഓഫീസിലേയ്ക്ക് അയയ്ക്കുമ്പോൾ **ജില്ലാ ഓഫീസിലെ സൂപ്രണ്ടും, ബന്ധപ്പെട്ട ഡി.എം.ഒ യും അത് ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

3. ജില്ലാ മെഡിക്കലാഫീസിലെ (2210-02-001-95) യും ആശുപത്രി/ഡിസ്പെൻസറികളിലെ (2210-02-001-99) യും നോൺപ്ലാൻ ചെലവ് പത്രികകൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ **എല്ലാ മാസവും 10-ാം തീയതിയ്ക്കകം** ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതാണ്.

4. **നോൺപ്ലാൻ എക്സ്പെൻഡിച്ചർ അടിസ്ഥാനമാക്കിയാണ് അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിന് പ്രൊപ്പോസൽ സമർപ്പിക്കേണ്ടത് എന്നുള്ളതിനാൽ ആയത് തയ്യാറാക്കുന്നത് ഗൗരവത്തോടെ കാണണമെന്ന് നിർദ്ദേശിക്കുന്നു.**

5. ജില്ലാ മെഡിക്കൽ ഓഫീസുകളിലും, ആശുപത്രി/ഡിസ്പെൻസറികളിലും ആഭ്യന്തര പരിശോധന നടത്തുമ്പോൾ എക്സ്പെൻഡിച്ചർ രജിസ്റ്റർ കൂടി ആഭ്യന്തര പരിശോധനാ ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതാണ്. എക്സ്പെൻഡിച്ചർ രജിസ്റ്റർ ഓരോ മാസവും കൃത്യമായിതന്നെ അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

ഡോ.കെ.ജമുന
ഡയറക്ടർ

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും.
ആശുപത്രി, ഡിസ്പെൻസറി മേധാവികൾക്കും
എഎ/എസ്.എസ് ആഡിറ്റ് സെക്ഷൻ/എസ്റ്റാബ്ലിഷ്മെന്റ്
ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ്

പിആർ